പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ മൈക്രോക്രെഡിറ്റ് ലോൺ

150 [3857] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മൈക്രോക്രെഡിറ്റ് ലോൺ അനുവദിച്ചതിലെ ക്രമക്കേടുകൾ സംബന്ധിച്ച് ധനകാര്യവകുപ്പിന്റെ ഇൻസ്പെക്ഷൻ വിങ്ങിന്റെ പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) ക്രമവിരുദ്ധമായി വായ്പ അനുവദിച്ചതായി പരിശോധനയിൽ തെളിഞ്ഞിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമാണ് ഇത്തരത്തിൽ വായ്പ അനുവദിച്ചിട്ടുള്ളതെന്നും എന്തു തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്താമോ;

(സി) ബി. എസ്. എസ്. എന്ന സംഘടനയ്ക്ക് മൈക്രോക്രെഡിറ്റ് വായ്പയായി എന്തു തുകയാണ് നൽകിയിട്ടുള്ളത്;

(ഡി) പ്രസ്തുത സംഘടനയ്ക്ക് ആദ്യം നൽകിയ വായ്പ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് വീണ്ടും വായ്പ അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഇ) ബി.എസ്.എസ്.-ന് നൽകിയ വായ്പയ്ക്ക് എന്ത് ഈടാണ് ലഭിച്ചിട്ടുള്ളത്;

(എഫ്) മൈക്രോക്രെഡിറ്റ് വായ്പ അനുവദിക്കുന്നതിന് ഈട് വാങ്ങിക്കണമെന്ന് കോർപ്പറേഷൻ ബോർഡ് തീരുമാനിച്ചിട്ടുണ്ടോ;

(ജി) പ്രസ്തുത സംഘടന വായ്പ ഗഡുക്കൾ കൃത്യമായി തിരിച്ചടയ്ക്കുന്നുണ്ടോ; ഇല്ലെങ്കിൽ വായ്പ തുക ഈടാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(എച്ച്) ആവശ്യമായ ഈട് ലഭിക്കാതെയാണ് വായ്പ അനുവദിച്ചത് എങ്കിൽ തുക അനുവദിച്ച ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഐ) ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ലഘുവായ്പാ പദ്ധതി പ്രകാരം എസ്. എൻ. ഡി. പി. യോഗത്തിന് 50 ലക്ഷം രൂപ വായ്പ അനുവദിച്ചതായും ഭാരത് സേവക് സമാജിന് 1995-1996-ൽ 40,000 രൂപ ഗ്രാന്റായും 1,58,500 രൂപ വായ്പയായും അനുവദിച്ചതായും, ഗ്രാന്റ് ക്രമക്കേടായി

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തതാണെന്നും, വായ്പ തിരിച്ചടവിൽ പിഴവ് വന്ന് റവന്യൂ റിക്കവറി മുഖേന മുടക്കം വരുത്തിയ തുക പിരിച്ചെടുക്കേണ്ടി വന്നിട്ടും 2002-2003-ൽ ഈ സ്ഥാപനത്തിന് 31,30,000 രൂപ വായ്പ അനുവദിക്കുകയുണ്ടായിയെന്നും പരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

(സി) ബി.എസ്.എസ്. എന്ന സംഘടനയ്ക്ക് മൈക്രോ ക്രെഡിറ്റ്വായ്പയായി 2002-2003-ൽ 31,30,000 രൂപ നൽകിയിട്ടുണ്ട്.

(ഡി) ബി.എസ്.എസ്. -ന് ആദ്യം നൽകിയ വായ്പ തിരിച്ചടവിൽ മുടക്കം വരുകയുണ്ടായി. റവന്യൂ റിക്കവറി നടത്തി സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന് കിട്ടേണ്ടതായ മുഴുവൻ സംഖ്യയും പിരിച്ചെടുക്കുകയുണ്ടായി. മൈക്രോക്രെഡിറ്റ് പദ്ധതി ആരംഭിച്ചപ്പോൾ സർക്കാരിതര സംഘടനകളുടെ അപേക്ഷകൾ ക്ഷണിക്കുകയും 19 അപേക്ഷകൾ ലഭിക്കുകയുമുണ്ടായി. അവയിൽനിന്നും 9 സംഘടനകൾ പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹ്യ/ധനകാര്യ ഉന്നതിക്കുവേണ്ടി പ്രവർത്തിക്കുന്നതായി കാണുകയും അവരുടെ വക്താക്കളുമായി നടത്തിയ അഭിമുഖത്തിൽനിന്നും 7 സംഘടനകളെ മൈക്രോക്രെഡിറ്റ് പദ്ധതിക്കുവേണ്ടി തിരഞ്ഞെടുക്കുകയും ചെയ്യുകയുണ്ടായി. ടി വിഭാഗങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ബി. എസ്.എസും തിരഞ്ഞെടുക്കപ്പെട്ട സംഘടനകളിലുണ്ടായിരുന്നതിനാൽ അവർക്കും വായ്പ അനുവദിക്കുകയുണ്ടായി.

(ഇ) ബി.എസ്.എസ്. -ന് നലകിയ വായ്പയ്ക്ക് പ്രോമിസറി നോട്ടും, ലറ്റർ ഓഫ് കണ്ടിന്യൂറ്റിയും ലഭിച്ചിട്ടുണ്ട്.

(എഫ്) തീരുമാനിച്ചിട്ടുണ്ട്.

പ്രോമിസറി നോട്ടും, ലറ്റർ ഓഫ് കണ്ടിന്യൂറ്റിയും സ്വീകരിച്ച് വായ്പ അനുവദിച്ചത് കോർപ്പറേഷൻ ബോർഡ് അംഗീകരിച്ചിട്ടുണ്ട്.

(ജി) ബി.എസ്.എസ്.-ന് അനുവദിച്ച മൈക്രോക്രെഡിറ്റ് വായ്പ ഗഡുക്കൾ കൃത്യമായി തിരിച്ചടച്ചിട്ടില്ല. ബി.എസ്.എസ്. -ന് അനുവദിച്ച വായ്പാതുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുകയും റിക്കവറി നടപടിയിൻമേൽ റവന്യൂ വകുപ്പ് സ്റ്റേ അനുവദിക്കുകയും കുടിശ്ശിക തവണകളായി അടയ്ക്കുന്നതിന് ബി.എസ്.എസ്.-ന് അനുമതി നൽകുകയുമുണ്ടായി. നേരത്തെ അടച്ച 6,63,167 രൂപയ്ക്ക് പുറമേ ആദ്യ ഗഡുവായി 6,99,640 രൂപയും തിരിച്ചടവ് ലഭിച്ചിട്ടുണ്ട്.

(എച്ച്) റിക്കവറിവഴി പൂർണ്ണമായും വായ്പ തിരിച്ചടവ് ലഭിച്ചില്ലെങ്കിൽ വായ്പ അനുവദിച്ച ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഐ) റിപ്പോർട്ടിലെ പരാമർശങ്ങൾ 2001-2003 കാലയളവിലെ മാനേജിംഗ് ഡയറക്ടറുടെ ക്രമക്കേടുകളായാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച ടിയാന്റെ വിശദമായ വിശദീകരണം 1-1-2005-ൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly